"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ദുരന്തനിവാരണ വകുപ്പ് - കാട്ടുപന്നി ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ — ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുക തിരിച്ചുനൽകൽ — തുക അനുവദിച്ച് ഉത്തരവാകുന്നു.**

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.247/2026/DMD തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.108/2025/ഡി.എം.ഡി. തീയതി 06.03.2025.

2. 23.10.2025 തീയതിയിലെ പാലക്കാട് ജില്ലാ കളക്ടറുടെ DCPKD/3500/2024-J5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നി ശല്യം രൂക്ഷമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, പട്ടാമ്പി താലൂക്കിലെ പിരായിരി ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ ജില്ലയിലെ 33 ഗ്രാമപഞ്ചായത്തുകളിൽ അംഗീകൃത ഷൂട്ടർമാരെ നിയോഗിച്ച് കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനും മൃതശരീരം മറവുചെയ്യുന്നതിനുമായി 33 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിനും മൃതശരീരം മറവുചെയ്യുന്നതിനുമായി ചെലവഴിക്കുന്ന തുക പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കേഷനോടെ ഓരോ സാമ്പത്തിക വർഷത്തിലും പരമാവധി ₹1,00,000/- വരെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA) മുഖേന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നി ശല്യം രൂക്ഷമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിനും മൃതശരീരം മറവുചെയ്യുന്നതിനുമായി 1 ലക്ഷം രൂപ വീതം 33 ഗ്രാമപഞ്ചായത്തുകൾക്കായി 33,00,000/- (മുപ്പത്തി മൂന്ന് ലക്ഷം) രൂപ 2245-80-800-80 - Other miscellaneous relief expenditure എന്ന ശീർഷകത്തിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

4) മേൽ തുക പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനുള്ള നടപടി ദുരന്തനിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

5) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും, തുകയുടെ വിനിയോഗ വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ

സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, പാലക്കാട്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 11-06-2026 11:41:31